# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5134    06.02.2014-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിക്കെതിരെ കണ്ണൂരിൽ നടന്ന ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കണ്ണൂരിൽവെച്ച് മുഖ്യമന്ത്രി സഞ്ചരിച്ച കാറിനു നേരെയുണ്ടായ കല്ലേറുമായി ബന്ധപ്പെട്ട് ഗൂഢാലോചനയ്ക്കും വധശ്രമത്തിനും കേസെടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. 27.10.2013 തീയതിയിലെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 1637/2013 സെക്ഷൻ 120(b), 141, 142, 143, 147, 341, 353, 332, 324, 307, 149 IPC and section 3(1) PDPP Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| ബി) മുഖ്യമന്ത്രിയ്ക്ക് നേരെ ആക്രമണം ഉണ്ടാകുമെന്നും ഇതിനായി ഗൂഢാലോചന ഉണ്ടാകുമെന്നും സ്പെഷ്യൽ ബ്രാഞ്ചിന്റെയോ ഇന്റലിജൻസിന്റെയോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) ഇടതുപക്ഷ ജനാധിപത്യ മുന്നണി ബഹു. മുഖ്യമന്ത്രിക്കെതിരായി നടത്തിവന്നിരുന്ന പ്രതിഷേധ സമരപരിപാടികളുടെ പശ്ചാത്തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ 27.10.2013-ലെ കണ്ണൂർ സന്ദർശന വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കേണ്ടതാണെന്നും ഇന്റലിജൻസ് ജില്ലാ പോലീസിനു മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നില്ല. |
| സി) തദവസരത്തിലെ സ്പെഷ്യൽ ബ്രാഞ്ചിന്റെയും ഇന്റലിജൻസിന്റെയും മേധാവികൾ ഇപ്പോഴും തൽസ്ഥാനത്ത് തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) തദവസരത്തിൽ ഇന്റലിജൻസ് മേധാവിയായിരുന്ന ശ്രീ. ടി. പി. സെൻകുമാർ, ഐ.പി.എസ്., ഡി.ജി.പി. യായി സ്ഥാനക്കയറ്റം ലഭിച്ച് ജയിൽ വകുപ്പിൽ നിയമിതനായിട്ടുണ്ട്. കണ്ണൂർ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. യായിരുന്ന ശ്രീ. കെ. മുരളീധരൻ തൽസ്ഥാനത്ത് തുടരുന്നുണ്ട്. സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് കണ്ണൂർ ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. യായിരുന്ന ശ്രീ. പ്രജീഷ് തോട്ടത്തിലിനെ മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ